A

بسم الله الرحمن الرحيم

| റജിസ്റ്റർ നമ്പർ | | | |
|---|---|---|---|
| | | | |

# 'LEARN THE QUR'AN' EXAMINATION – 2001

| Sign. of Invigilator: |
|---|
| |

(റിയാദ് ഇന്ത്യൻ ഇസ്ലാഹീ സെൻറർ ഖുർആൻ പഠന പരീക്ഷാ പദ്ധതി)
(പരീക്ഷ ചോദ്യക്കടലാസ്)

മാർക്ക്: 100
സമയം: 2 മണിക്കൂർ

ഉത്തരക്കടലാസ് അസാധുവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. റജിസ്റ്റർ നമ്പർ മുകളിൽ നൽകിയ കോളത്തിൽ എഴുതുക.
2. വെട്ട്, തിരുത്ത് എന്നിവ ഒഴിവാക്കുക.
3. പരീക്ഷക്രമക്കേടുകൾ ഉണ്ടാകാതിരിക്കുക.

***മൈനസ് മാർക്ക് ഉണ്ടായിരിക്കുന്നതാണ്.***

❖ ശരിയായ ഉത്തരത്തിന്മേൽ മാത്രം ✓ എന്ന് അടയാളപ്പെടുത്തുക (ഒരു മാർക്ക് വീതം)

1. ഇബ്നു ഉമ്മു-മക്തൂം സംഭവത്തിലെ മുഖ്യ ഗുണപാഠമെന്ത്?
   - A മറ്റൊരാളോട് സംസാരിക്കുമ്പോൾ ഇടപെടരുത്.
   - B പ്രബോധനം ആദ്യം പ്രധാനികളോടായിരിക്കണം.
   - C സമ്പന്നന്മാരെ അവഗണിക്കണം.
   - D വിജ്ഞാനദാഹികൾക്ക് ഉപദേശത്തിൽ മുൻഗണന നൽകണം.

2. "ജ്ഞാനഫലകത്തിലുള്ള വിശുദ്ധവചനങ്ങൾ ആദരണീയർ കൈകാര്യം ചെയ്യുന്നു", ആരാണിവർ?
   - A ഖുർആൻ എഴുതിയ സഹാബിമാർ
   - B മാലാഖമാർ
   - C സത്യവിശ്വാസികൾ
   - C നബിമാർ

3. "നിങ്ങൾ ഘട്ടം ഘട്ടമായി കയറിക്കൊണ്ടിരിക്കുന്നതാണ്", ഇതിൻെറ ശരിയായ വിവക്ഷയെന്ത്?
   - A നബിയുടെ ആകാശാരോഹണം.
   - B വരാനിരിക്കുന്ന ശാസ്ത്രപുരോഗതി.
   - C പരലോകത്തെ സ്ഥിതിഗതികൾ.
   - D ജീവിതത്തിൻെറ വിവിധ അവസ്ഥകൾ.

4. (ലൈലത്തുൽഖദ്ർ) വിശുദ്ധഖുർആൻ അവതരിച്ച പുണ്യരാത്രി എന്നാണ്?
   - A റമളാൻ 25
   - B റമളാൻ 27
   - C റമളാൻ 23
   - C എന്നാണെന്ന് നിർണ്ണയിച്ച് പറയാൻ നിവൃത്തിയില്ല.

5. മാസങ്ങളിൽ പ്രത്യേകം ശ്രേഷ്ടതയുള്ള രണ്ട് മാസങ്ങൾ?
   - A റബിഉൽ-അവ്വൽ, ദുൽഹജ്ജ്.
   - B റബിഉൽ അവ്വൽ, റമളാൻ.
   - C റബിഉൽ-അവ്വൽ, മുഹർറം.
   - C റമളാൻ, ദുൽഹജ്ജ്.

6. ഒരു അടിമ തൻെറ രക്ഷിതാവിനോട് ഏറ്റവും അടുക്കുന്ന അവസരം ഏത്?
   - A റമളാനിൽ വ്രതമനുഷ്ഠിക്കുമ്പോൾ.
   - B അറഫയിൽ പ്രാർഥിക്കുമ്പോൾ.
   - C സാഷ്ടാംഗത്തിൽ ആയിരിക്കുമ്പോൾ.
   - D സ്വർഗം ലഭിക്കുമ്പോൾ.

7. "അഞ്ച് കാര്യങ്ങളെ കുറിച്ച് ചോദ്യം ചെയ്യപ്പെടാതെ മനുഷ്യൻെറ കാലടികൾ വിചാരണ നിലയം വിട്ടുനീങ്ങുകയില്ല" ഈ നബിവചനത്തിൽ ഉൾപ്പെടാത്തതെന്ത്?
   - A ധനം എവിടെ നിന്ന് സമ്പാദിച്ചു, എങ്ങിനെ ചെലവഴിച്ചു.
   - B അറിയാവുന്ന കാര്യങ്ങളിൽ പ്രവർത്തിച്ചത് എന്താണ്.
   - C യുവത്വത്തിൽ സ്വന്തം കുടുംബത്തിനുവേണ്ടി എത്ര സമ്പത്ത് ശേഖരിച്ചു.
   - D ആയുസ്സ് മുഴുവൻ എന്തിൽ വിനിയോഗിച്ചു തീർത്തു.

8. "____________ പാരായണം ചെയ്തിട്ടില്ലാത്ത വല്ല നമസ്കാരവും ആരെങ്കിലും നമസ്കരിച്ചാൽ അത് അപൂർണ്ണമാണ്, അത് അപൂർണ്ണമാണ്, അത് അപൂർണ്ണമാണ്". ഇവിടെ 'ഫാത്വിഹ'യ്ക്ക് നൽകിയ പേരെന്ത്?

A ഫാത്വിഹത്തുൽ ഖുർആൻ. B ഉമ്മുൽ ഖുർആൻ.
C ഉമ്മുൽ കിതാബ്. C ഫാത്വിഹത്തുൽ കിതാബ്.

9. വിശുദ്ധ ഖുർആൻ മനുഷ്യർക്ക് ആദ്യമായി നൽകിയ ഉദ്ബോധനത്തിൻെറ വിവക്ഷയെന്ത്?

A വായനാശീലം വളർത്തുക.
B എഴുത്തും വായനയും അഭ്യസിക്കുക.
C വായിക്കുമ്പോൾ നിൻെറ രക്ഷിതാവിനെ സ്മരിക്കുക.
D വിശുദ്ധ ഖുർആൻ വായിക്കാൻ തുടങ്ങുക.

10. 'നാസിആത്ത്' അധ്യായത്തിൽ സത്യംചെയ്യപ്പെട്ട മാലാഖമാരുടെ ജോലിയെന്ത്?

A സത്യവിശ്വാസികളെ സംരക്ഷിക്കുക.
B ലോകാവസാനം കാഹളത്തിൽ ഊതുക.
C മനുഷ്യാത്മാക്കൾ പിടിച്ചെടുക്കുക.
D ദൈവിക സന്ദേശം മനുഷ്യർക്ക് എത്തിക്കുക.

11. "വേദക്കാരും ബഹുദൈവ-വിശ്വാസികളും വ്യക്തമായ തെളിവെത്തും വരെ അവരുടെ വിശ്വാസത്തിൽ നിന്നും വേറിട്ട് പോന്നിട്ടില്ല". എന്താണ് തെളിവ്?

A മുഹമ്മദ്(സ) കൊണ്ടുവന്ന ഖുർആൻ.
B സ്നേഹ സന്ദേശവുമായെത്തിയ ഈസാ(അ).
C വിശുദ്ധ ഖുർആൻ ഓതുന്ന ദൈവദൂതൻ, മുഹമ്മദ്(സ).
D ഈസാ നബിക്ക് അവതരിച്ച ഇഞ്ചീൽ (ബൈബിൾ).

12. 'അഹദ്' അധ്യായത്തിൽ വ്യക്തമാക്കിയത് പ്രകാരം, ആരാധ്യനായ ദൈവത്തിന് അനിവാര്യമായി ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏവ?

A ഏകൻ, സർവ്വാശ്രയൻ, സ്വയംഭൂ, അജയ്യൻ.
B ഏകൻ, പിതാവും പുത്രനും അല്ലാത്തവൻ, സൃഷ്ടി-സ്ഥിതിസംഹാരകൻ, രക്ഷിതാവ്.
C ഏകൻ, എല്ലാം കാണുന്നവൻ, എല്ലാം അറിയുന്നവൻ, പിതാവും പുത്രനുമല്ലാത്തവൻ.
D ഏകൻ, സർവ്വാശ്രയൻ, പിതാവും, പുത്രനുമല്ലാത്തവൻ, അതുല്യൻ.

13. "അന്നേദിവസം ഭൂമി അതിൻെറ വർത്തമാനങ്ങൾ പറയും", സാക്ഷിപറയുന്ന ആ വർത്തമാനം എന്തിനെ കുറിച്ചാണ്?

A അക്രമികൾക്ക് ശിക്ഷയിറക്കിയ സമയവും സ്ഥലവും.
B സാഷ്ടാംഗം ചെയ്ത വിശ്വാസികളുടെ നെറ്റിത്തടം പതിഞ്ഞ സ്ഥലം.
C ഓരോ മനുഷ്യനും ചെയ്ത പ്രവർത്തനങ്ങൾ.
D നിഷേധികൾ അതിരുകവിഞ്ഞ് അഹങ്കരിച്ച് നടന്ന സ്ഥലങ്ങൾ.

14. "അവരാണ് സൃഷ്ടികളിൽ ഉത്തമന്മാർ" (ബയ്യിന:)

A നമസ്കരിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്തവർ.
B വിശ്വസിക്കുകയും സൽക്കർമ്മം അനുഷ്ഠിക്കുകയും ചെയ്തവർ.
C സത്യം കൊണ്ടും ക്ഷമകൊണ്ടും ഉപദേശിച്ചവർ.
D സത്യദൂതൻ വന്നപ്പോൾ പൂർവ്വമതം വെടിഞ്ഞവർ.

15. "ദുർമന്ത്രവാദങ്ങളും ഏലസ്സുകളും കവചങ്ങളും ഉറുക്കുകളും ഒരിക്കലും പൊറുക്കാത്ത മഹാപാപങ്ങളിൽ ഉൾപ്പെടുന്നു", ഈ വിശദീകരണത്തിന് ആധാരമായ അധ്യായം?

A ബലദ് B മസദ് C അലഖ് D ഫലഖ്

16. ഇസ്ലാം അനുവദിക്കുന്ന മന്ത്രത്തിൻെറ വിശേഷണങ്ങളുടെ കൂട്ടത്തിൽ പെടാത്തത്?

A ഫലം നൽകുന്നവൻ അല്ലാഹുവാണെന്ന വിശ്വാസത്തോടെയുള്ളത്.
B അല്ലാഹുവിൻെറ നാമം വാക്യം ഗുണവിശേഷണം ഇവ ഉദ്ധരിച്ചത്.
C മനസ്സിലാകുന്ന ഏതെങ്കിലും ഭാഷ ഉപയോഗിച്ചുകൊണ്ടുള്ളത്.
D മന്ത്രത്തിനും മന്ത്രവാദിക്കും കഴിവുണ്ടെന്ന വിശ്വാസത്തോടെ ചെയ്യുന്നത്.

17.“ഹേ! മനുഷ്യാ, നീ തിന്നുതീർത്തതോ, നീ ഉടുത്ത് പഴകിയതതോ, നീ ധർമ്മം കൊടുത്തതോ അല്ലാതെ, നിനക്ക് എന്തെങ്കിലും (സ്വന്തമായി) ഉണ്ടോ?” ഇത് ഏതിലെ ഉദ്ധരണിയാണ്?

A ഖുർആൻ B നബിവചനം C മഹദ് വചനം D ഹദീസ്-ഖുദ്സി

18.‘ത്രിയേകത്വവും’ ബഹുദൈവത്വവും പൂർണ്ണ അബദ്ധമാണെന്ന് ഖുർആൻ തെളിയിക്കുന്നത് ഇങ്ങിനെയാണ്?

A സാക്ഷാൽ ദൈവത്തിനുണ്ടാകേണ്ട യോഗ്യതകൾ പ്രസ്താവിച്ചുകൊണ്ട്.
B വ്യാജദൈവങ്ങൾ മനുഷ്യരെപ്പോലും ആശ്രയിക്കുന്നുവെന്ന് പഠിപ്പിച്ചുകൊണ്ട്.
C വ്യാജദൈവങ്ങൾക്ക് മുമ്പും ലോകം ഉണ്ടായിരുന്നുവെന്ന് കാണിച്ചുകൊണ്ട്.
D വ്യാജദൈവങ്ങളേക്കാൾ കഴിവുള്ള മനുഷ്യർ വേറെയുമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട്.

19.‘ഗസ്സാഖ്’ എന്ന ശീതളപാനീയം നൽകപ്പെടുന്നത്?

A സ്വർഗക്കാർ B നോമ്പുകാർ C ശുഹദാക്കൾ D നരകക്കാർ

20.അല്ലാഹു മൂസാ(അ)യുമായി സംസാരിച്ച വിശുദ്ധതാഴ്‌വര ഏത് പർവ്വതത്തിലാണ്?

A സൗർ B സീനാ C ത്വുവാ D നൂർ

21.മുഹമ്മദ് നബിയും അനുയായികളും മർദ്ദിക്കപ്പെട്ടപ്പോൾ അവതരിച്ച അധ്യായം ഏത്?

A ബുറൂജ് B കാഫിറൂൻ C ഫീൽ D ഖുറൈശ്

22.‘ഇബാദത്ത്’ എന്ന പദത്തിന് ഏറ്റവും അനുയോജ്യമായ മലയാളപദമേത്?

A അനുസരണം B അടിമവേല C ഇബാദത്ത് D ആരാധന

23.ബുറൂജ് അധ്യായത്തിന്റെ വിവരണത്തിൽ ആര് ആരെ വധിച്ചു?

A സാഹിർ റാഹിബിനെ B റാഹിബ് കുട്ടിയെ
C രാജാവ് റാഹിബിനെ D റാഹിബ് സാഹിറിനെ

24.ചൊവ്വായ രേഖകൾ എന്നതിന്റെ ഉദ്ദേശ്യമെന്ത്? (ബലദ്)

A പൂർവ്വവേദം B ഖുർആനിലെ തത്വം C നബിവചനം D തൗറാത്ത്-ഇഞ്ചീൽ

25.“നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും” (നാസിആത്ത്). വിവേകിയായ മനുഷ്യനും, അല്ലാത്ത മൃഗത്തിനും ഒരേപോലെ നൽകിയ ആനുകൂല്യമെന്ത്?

A ബുദ്ധി B ശക്തി C ഇണ D ഇര

26.“അല്ലാഹുവേ, എന്റെ ജനങ്ങൾക്ക് പൊറുത്തുകൊടുക്കേണമേ. അവർക്ക് അറിഞ്ഞുകൂടാ” - ആര് ആർക്കുവേണ്ടി നടത്തിയ പ്രാർത്ഥനയാണിത്?

A നൂഹ് നബി സ്വന്തം ജനതയ്ക്ക് B ഈസാനബി അപ്പോസ്തലന്മാർക്ക്
C മൂസാനബി ബനീഇസ്രായീലിന് D മുഹമ്മദ്നബി താഇഫുകാർക്ക്

27.ഈ ഖുർആൻ വിവരണത്തിൽ ഉദ്ധരിച്ച മഹാന്മാരുടെ ചുരുക്കപ്പേരിൽ ‘ജ’ എന്ന അക്ഷരം ഏത് പേരിനെ സൂചിപ്പിക്കുന്നു?

A ജാബിർ(റ) B ഇബ്നുജരീർ C ഇബ്നുമാജ: D ജഅ്ഫർ(റ)

28.“അണിയണിയായി നിൽക്കുന്ന മാലാഖമാരുടെ വലയത്തിൽ സൃഷ്ടികളെല്ലാം ഭയവിഹ്വലരായി നിലകൊള്ളുന്ന മഹാസമ്മേളനത്തിൽ പ്രവാചകന്മാർ പോലും ‘എന്റെ കാര്യം, എന്റെ കാര്യം’ എന്ന് പറഞ്ഞേക്കുന്ന ഭയങ്കരദിനത്തിൽ പുണ്യവാന്മാർ സഹായിച്ചാൽ മാത്രം രക്ഷകിട്ടും എന്നത്”.

A സംഭവ്യമാണ് B സാധ്യതയുണ്ട് C പ്രയാസമാണ് D സാധ്യമല്ല

29.രണ്ട് സഹാബികൾ കണ്ടുമുട്ടിയാൽ ഒരാൾ മറ്റൊരാൾക്ക് ഓതിക്കൊടുക്കുക പതിവുള്ള അധ്യായമേത്?

A അസർ B ഫജ്ർ C ഖമർ D ഖദ്ർ

30.തീർച്ചയായും അവന് ധനത്തോടുള്ള സ്നേഹം കഠിനമാണ്?

A ഫിർഔൻ B ഖാറൂൻ C മനുഷ്യൻ D അബൂജഹൽ

31.‘കാരുണ്യവാൻ’ എന്ന പദത്തിന്റെ അതിവിശാലമായ അർത്ഥം കുറിക്കുന്ന അറബിപദം?

A റഊഫ് B റഹീം C റബ്ബ് D റഹ്മാൻ

32.സത്യവിശ്വാസികൾക്ക് പരലോകത്ത് ഏറ്റവും ആനന്ദകരമായ കാര്യം എന്താണ്?
A സ്വാദിഷ്ടമായ ഭക്ഷണം ആസ്വദിക്കുക.
B സുന്ദരികളായ ഇണകളെ പ്രാപിക്കുക.
C പ്രവാചകൻ തിരുമേനിയുമായി സഹവസിക്കുക.
D അല്ലാഹുവിനെ ദർശിക്കുക.

33.'നബഅ്' എന്ന അധ്യായത്തിലെ പ്രധാന വിഷയം?
A ഏകദൈവവിശ്വാസം B സ്വർഗം C വിചാരണ ദിവസം D അനുഗ്രഹങ്ങൾ

34.ഏകദൈവാരാധനയും ബഹുദൈവരാധനയും ഒരിക്കലും സമന്വയിക്കാത്ത വിരുദ്ധ ദിശകളിലാണ് എന്ന് സ്പഷ്ടമായി പറഞ്ഞ അധ്യായം?
A മാഊൻ B അഹദ് C നബഅ് D ഖാഫിറൂൻ

35.സൂറത്ത് സിൽസാലിൽ ആവർത്തിച്ചുവന്ന അക്ഷരമേത്?
A അലിഫ് B ലാം C ഹാഅ് D സായ് - ز -

36."ഭയപ്പെടുന്നവർക്ക് ഇതിൽ ഗുണപാഠമുണ്ട്" ഏതിൽ?
A ലോകാവസാനം B ഫിർഔൻെറ മരണം
C അബൂലഹബിൻെറ പര്യവസാനം D ഖബർ ശിക്ഷ

37.ഈ അധ്യായം ഭൂതകാലക്രിയ കൊണ്ട് തുടങ്ങിയതാണ്
A ലഹബ് B അലഖ് C സിൽസാൽ D ശറഹ്

38.അജ്ഞാനകാലത്തെ അറബികളിൽ നടന്നിരുന്ന ഒരു ദുരാചാരം? (സൂ: തക്വീർ)
A ബാലികമാരെ കുഴിച്ചുമൂടൽ B നഗ്നമായ കഅ്ബാ പ്രദക്ഷിണം
C മദ്യവും ചൂതാട്ടവും D ബിംബാരാധന

39. "താങ്കൾക്ക് അതിനോടുള്ള ഇഷ്ടം താങ്കളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്" റസൂൽ(സ) സൂചിപ്പിക്കുന്നത് ഏതിനെ കുറിച്ചാണ്?
A ഖുർആൻ B നബിചര്യ C ഉഹ്ദ് യുദ്ധം D അഹദ് ആധ്യായം

40.'അമ്മ' ജുസുഇൽ പേരെടുത്ത് പറഞ്ഞ പ്രവാചകന്മാരുടെ എണ്ണം?
A 2 B 5 C 10 D 25

41."പരലോകം ഉത്തമവും ശേഷിക്കുന്നതുമാണ്, പക്ഷേ നിങ്ങൾ ഐഹികജീവിതത്തിന് പ്രാധാന്യം നൽകുന്നു" അഅ്ലാ അധ്യായത്തിൽ പറയുന്ന കാരണമെന്ത്?
A അല്ലാഹുവിലുള്ള വിശ്വാസവും മരണചിന്തയുമില്ല.
B അല്ലാഹുവിൻെറ സ്മരണയും നമസ്കാരവും ഹൃദയശുദ്ധിയുമില്ല.
C അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസവും സൽക്കർമ്മവുമില്ല.
D നരകശിക്ഷയെ കുറിച്ച് ഓർമ്മയും ഹൃദയശുദ്ധിയുമില്ല.

42."ഞാൻ മണ്ണായെങ്കിൽ നന്നായേനേ..." ആര് എപ്പോൾ?
A അക്രമി നരകത്തിലേക്ക് വലിച്ചെറിയപ്പെടുന്ന ദിവസം!
B മനുഷ്യൻ തൻെറ കൈകൾ മുമ്പ് ചെയ്തത് നോക്കിക്കാണുന്ന ദിവസം.
C നിരാശൻ ഭൂമിയിലെ ജീവിതം നരകതുല്യമാവുമ്പോൾ.
D നിഷേധി മലക്കുകൾ വരിയായി നിൽക്കുന്ന ദിവസം.

43.പ്രവാചകൻ(സ) പറഞ്ഞു: "ധനമെന്നത് വസ്തുക്കളുടെ ആധിക്യമല്ല. പക്ഷേ, ധനം ___________"
A ദാരിദ്ര്യം ഇല്ലായ്മയാണ് B മനസിൻെറ ധന്യതയാണ്
C ജീവിതത്തിൻെറ സമാധാനമാണ് D ലഭിച്ചതിലെ ക്ഷേമമാണ്

44."അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ അവരുടെ ഹൃദയം കറ പിടിച്ചിരിക്കുന്നു". പാപത്തിൻെറ കറ മാറ്റി ശുദ്ധിയാക്കാനുള്ള ഔഷധമെന്ത്?
A വിശ്വാസം B സൽക്കർമ്മം C പശ്ചാത്താപം D പ്രായശ്ചിത്തം

45."മിക്ക മനുഷ്യർക്കും നഷ്ടം ബാധിക്കുന്ന രണ്ട് അനുഗ്രഹങ്ങൾ" എന്ന് നബി(സ) പറഞ്ഞത്?
A ആയുസും ആരോഗ്യവും B സമ്പത്തും സന്താനങ്ങളും
C ഇണകളും മക്കളും D ആരോഗ്യവും ഒഴിവ് സമയവും

46.“ഒരു മനുഷ്യനും അവൻെറ ഉള്ളിൽ അല്ലാഹു രണ്ട് ഹൃദയും ഏർപ്പെടുത്തിത്തന്നിട്ടില്ല”, എന്ന് ഖുർആൻ പറഞ്ഞതിൻെറ സാരമെന്ത്?

A രണ്ട് ഹൃദയം മനുഷ്യപ്രകൃതിക്ക് യോജിക്കുന്നതല്ല.
B രണ്ട് ഹൃദയം നിഷ്കളങ്കതയുടെ ലക്ഷണമല്ല.
C രണ്ട് കാര്യത്തിൽ ഒരുപോലെ ശ്രദ്ധിക്കാൻ സാധ്യമല്ല.
D രണ്ട് കാര്യങ്ങൾ ഒരേസമയം ചെയ്യാൻ പാടുള്ളതല്ല.

47.ചരിത്രം, വിശ്വാസം, സൽക്കർമ്മം, സാമൂഹ്യബന്ധങ്ങൾ ഇവ മുഴുവൻ സംക്ഷിപ്തമായി പറഞ്ഞ അധ്യായമേത്?

A ഫജ്ർ B നസ്ർ C അസ്ർ D ഖമർ

48.അന്ത്യദിനത്തിൽ - “മരീചിക പോലെയായിത്തീരും”. എന്ത്?

A ആകാശങ്ങൾ B മേഘങ്ങൾ C മരുഭൂമികൾ D പർവ്വതങ്ങൾ

49.“എന്നാൽ നമസ്കാരക്കാർക്ക് നാശം” (മാഊൻ), ആരാണീ നമസ്കാരക്കാർ?

A വിശ്വാസികൾ B കപടന്മാർ C നിഷേധികൾ D അവിശ്വാസികൾ

50.“ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്ര അവർക്ക് ഇണക്കിക്കൊടുത്തു”. ഖുറൈശികളുടെ ശൈത്യകാല യാത്ര എവിടേക്കായിരുന്നു?

A സിറിയ B യമൻ C ശാം D ഈജിപ്ത്

51.“നീ ഈ രാജ്യത്തിൽ അനുവദനീയനാണ്”, ഏത് കാര്യത്തെയാണ് ഇത് സൂചിപ്പിക്കുന്നത്?

A മദീന ഹിജ്റ B മക്കാവിജയം C മദീനയുടെ ശാന്തി D മക്കയുടെ പവിത്രത

52.“നിശ്ചയം നിന്നോട് വിദ്വേഷം വെക്കുന്നവൻ തന്നെയാണ് വാലറ്റവൻ”. വാലറ്റവൻ എന്നാൽ?

A ബന്ധം മുറിച്ചവൻ B ഗതികെട്ടവൻ
C അന്ത്യമില്ലാത്തവൻ D ഭാവിയില്ലാത്തവൻ

53.പ്രവാചകനോട്, നീ അനാഥയും സന്മാർഗമേതെന്നറിയാത്തവനും ദരിദ്രനും ആയിരുന്നു”. പക്ഷേ, അല്ലാഹു എല്ലാ അനുഗ്രഹങ്ങളും നൽകി. എന്ന് വിശദീകരിച്ചതിന് തൊട്ട് ശേഷം - അപ്പോൾ

A രക്ഷിതാവിൻെറ അനുഗ്രത്തെ കുറിച്ച് പറയുക B അനാഥയെ കീഴടക്കി വെക്കരുത്
C ചോദിച്ച് വരുന്നവനെ വിരട്ടരുത് D ദരിദ്രൻെറ ഭക്ഷണം തടയരുത്

54.“ജനയിതാവിനെയും അത് ജനിപ്പിക്കുന്നതിനെയും തന്നെ സത്യം”. ആരൊക്കയാണിവർ?-ബലദ്

A സൃഷ്ടാവും സൃഷ്ടിയും B പിതാവും പരിശുദ്ധാത്മാവും
C അല്ലാഹുവും മനുഷ്യനും D പിതാവും സന്താനവും

55.അല്ലാഹുവിൻെറ അടിമ അവനോട് ചോദിക്കുന്ന ഏറ്റവും വലിയ സഹായമെന്ത്?

A സമ്പത്ത് B സന്താനം C സൗഭാഗ്യം D സന്മാർഗ്ഗം

56.മുസ്ലിം അല്ലാഹുവിനോട് ദിനേന നിരവധി തവണ ആവർത്തിക്കുന്ന പ്രതിജ്ഞയെന്ത്?

A നിന്നെ മാത്രം ഞങ്ങൾ അനുസരിക്കുന്നു, നിന്നോട് മാത്രം സഹായം തേടുന്നു
B നിന്നെ ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് ഞങ്ങൾ സഹായം തേടുന്നു.
C നിന്നെയും ഞങ്ങൾ ആരാധിക്കുന്നു, നിന്നോടും ഞങ്ങൾ സഹായം തേടുന്നു.
D നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.

57.അനാഥകളോട് കാണിക്കേണ്ട മര്യാദയെന്ത്? (ഹജ്ർ)

A ആഹരിപ്പിക്കുക B ആദരിക്കുക C സംരക്ഷിക്കുക D സ്നേഹിക്കുക

58.ഖുർആൻ പേരെടുത്ത് പറഞ്ഞ മുഹമ്മദ്(സ)യുടെ അടുത്ത കുടുംബബന്ധു?

A അബൂജഹൽ B ഖദീജ C അലി D അബൂലഹബ്

59.ഒരേസമയത്ത് പൂർണ്ണമായി അവതരിപ്പിക്കപ്പെട്ട ആദ്യത്തെ അധ്യായമേത്?

A അഹദ് B നബഅ് C ഫാത്വിഹ D അൻഫാൽ

60.‘സുബാത്’ എന്നത് ഏതിൻെറ വിശേഷണം ആകുന്നു?

A ഉറക്കിന് B പകലിന് C ആകാശത്തിന് D രാത്രിക്ക്

61.ബുറൂജ് എന്ന വാക്കിൻെറ അർഥത്തിൽ ഉൾപ്പെടാത്തത്?

A കോട്ടകൾ B രാശികൾ C മാളിക വീടുകൾ D ഖനികൾ

62.യഅ്ജൂജ്-മഅ്ജൂജിനെ തടയാനായി അണക്കെട്ട് നിർമ്മിച്ചതാര്?

A ദുൽ-ഖിഫ്ൽ B ഫിർഖൽ C ദുൽ-ഖർനൈൻ D നജ്ജാശി

63.'താരീഖ്' എന്ന ഗ്രന്ഥത്തിൻെറ കർത്താവ്?

A ഇമാം ശാഫി B ബുഖാരി C മുസ്‌ലിം D ഇമാം റാഗിബ്

64.ഏത് അധ്യായം അവതരിപ്പിക്കപ്പെട്ടപ്പോഴാണ് നബി(സ) "എനിക്ക് മരണവാർത്ത അറിയിക്കപ്പെട്ടു" എന്ന് പറഞ്ഞത്?

A നാസ് B നസ്റ്ർ C ഇഖ്‌ലാസ് D തൗബ

65.അന്ത്യദിനത്തിൻെറ കാഠിന്യം പറയാത്ത അധ്യായമേത്?

A ഫീൽ B നാസിആത്ത് C മുതഫ്ഫീൻ D അബസ

66.ഥമൂദ് ഗോത്രത്തിലെ കഠിന ധിക്കാരികളായവരുടെ എണ്ണം?

A 54 B 19 C 12 D 9

67.'ള്വരീഅ്' എന്നാൽ?

A തിളക്കുന്ന ജലം B കള്ളിമുൾച്ചെടി C കഠിനശൈത്യജലം D പാനീയം

68.'തൂണിൻെറ ആൾക്കാർ' വിശേഷിക്കപ്പെട്ടവർ ആര്?

A ഥമൂദ് B ആദ് C ഇസ്രായീൽ ജനത D തുബ്ബഅ് ജനത

69."തീർച്ചയായും പ്രത്യേക നഭോമണ്ഡലത്തിൽ അദ്ദേഹം കണ്ടു", ആര് ആരെ?

A മൂസ(അ) ഫിർഔനെ
B മൂസ(അ) അല്ലാഹുവിനെ
C മുഹമ്മദ് (സ) ജിബ്‌രീലിനെ
D ജിബ്‌രീൽ(അ) അല്ലാഹുവിനെ

70.കഅ്ബാപ്രദക്ഷിണത്തിന് ശേഷമുള്ള നമസ്കാരത്തിൽ റസൂൽ(സ) പ്രത്യേകം ഓതാറുണ്ടായിരുന്ന അധ്യായങ്ങൾ?

A ഇഖ്‌ലാസ്-നാസ്
B അഅ്‌ലാ-ഗാശിയ:
C ഇഖ്‌ലാസ്-കാഫിറൂൻ
D ഫലഖ്-നാസ്

71."എൻെറ അടിമ എന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു" എന്ന് അല്ലാഹു പറയുന്നത് ഏത് വചനം പാരായണം ചെയ്യപ്പെടുമ്പോഴാണ്?

A അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ
B അർ-റഹ്മാനി-റഹീം
C മാലികി യൗമുദ്ദീൻ
D ഇയ്യാക-നഅ്-ബുദു-വ-ഇയ്യാകനസ്തഈൻ

72.ഒലിവ് മരങ്ങളുടെ കേന്ദ്രം എന്നറിയപ്പെടുന്ന സ്ഥലം?

A സൗദിഅറേബ്യ
B സിറിയ
C പലസ്തീൻ
D ഇറാഖ്

73."അന്ത്യനാളിൽ ആരും ആരെയും പരസ്പരം സഹായിക്കാതെ ഓടിയകലും" ഈ ആശയം ഏത് അധ്യായത്തിലാണ്?

A ഖാരിഅ: B ഫജ്റ് C അബസ: D നാസ്

74."രഹസ്യങ്ങൾ പരസ്യമാക്കുന്ന ദിവസം" എന്ത് സംഭവിക്കും?

A മലക്കുകൾ സഹായിക്കും
B ഔലിയാക്കൾ സഹായിക്കും
C നേർച്ചക്കാർ സഹായിക്കും
D ഒരുശക്തിയും സഹായിയും ഉണ്ടാകില്ല

75.ഏകദൈവാരാധനയും ബഹുദൈവാരാധനയും തമ്മിൽ പേരിനുപോലും സന്ധി അസാധ്യമാണ് എന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുന്ന അധ്യായമേത്?

A ഇഖ്‌ലാസ് B കാഫിറൂൻ C ബുറൂജ് D ഫാത്വിഹ

76."പൊന്തിനിൽക്കുന്ന രണ്ടുവഴികൾ നാമവന് കാട്ടിക്കൊടുത്തിരിക്കുന്നു". ബലദിൻെറ വിശദീകരണത്തിൽ ഗ്രന്ഥകർത്താവ് വ്യക്തമാക്കിയ രണ്ട് വഴികൾ ഏവ?

A നരകവും സ്വർഗവും
B ഇഹലോകവും പരലോകവും
C നന്മയും തിന്മയും
D ഖുർആനും സുന്നത്തും

77.ഈ പരീക്ഷാ പാഠ്യപദ്ധതിയിലെ അധ്യായങ്ങളുടെ എണ്ണം?

A 36 B 37 C 38 D 39

78.നബി(സ) പറഞ്ഞു: "നിങ്ങളിൽ നിന്ന് ഒരാളും തന്നെ ജിന്നിൽ നിന്നുള്ള അവന്റെ ഇണയും മലക്കുകളിൽ നിന്നുള്ള അവന്റെ ഇണയും നിയോഗിക്കപ്പെടാതെയില്ല". സഹാബികൾ ചോദിച്ചു: അങ്ങേക്കുമോ? - നബി(സ)യുടെ ഉത്തരം

A എനിക്കില്ല, ഞാൻ മനുഷ്യപ്രകൃതിക്ക് അതീതനാണ്.
B എനിക്കില്ല, പ്രവാചകന്മാർക്ക് പൈശാചിക സ്വാധീനമുണ്ടാകില്ല.
C എനിക്കുമുണ്ട്, പക്ഷേ എന്റെ ഇണയുടെ മേൽ അല്ലാഹു എനിക്ക് സ്വാധീനം നൽകി.
D എനിക്കുണ്ട്, പക്ഷേ ഞാൻ പിശാചിനെ കീഴടക്കിയിരിക്കുന്നു.

79.'ഇഅ്തികാഫ്' എന്നാൽ

A റുകൂഉം സുജൂദിനുമിടയിലെ നിർത്തം.
B മദീനയ്ക്കടുത്തുള്ള ഒരു മലയുടെ പേര്.
C ഉംറയോടനുബന്ധിച്ച ഒരു കർമ്മം.
D ആരാധനകളോടെ പള്ളിയിൽ അടങ്ങിയിരിക്കൽ.

80.ഖുർആനിലെ ഏറ്റവും ചെറിയ അധ്യായമേത്?

A അഹദ് B അസ്ർ C കൗഥർ D ലഹബ്

81.നബി(സ) ഉറങ്ങാൻ കിടക്കുമ്പോൾ പാരായണം ചെയ്ത് ദേഹത്തിൽ ഊതിയിരുന്ന അധ്യായങ്ങൾ ഏവ?

A കാഫിറൂൻ, അഹദ്, നാസ്
B നാസ്-ഫലഖ്-ആയത്തുൽ കുർസി
C അഹദ്, നാസ്, യാസീൻ
D മുഅവ്വിദതൈനി, ഇഖ്ലാസ്

82.നാല് വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ട അമാനി മൗലവിയുടെ 30 ജുസ്അ് ഖുർആൻ വിവരണത്തിന്റെ പ്രസാധകർ ആര്?

A കേരള നദ്‌വത്തുൽ മുജാഹിദീൻ
B യുവത ബുക്ക് ഹൗസ്
C നീച്ച് ഓഫ് ട്രൂത്ത്
D മുജാഹിദീൻ പബ്ളിക്കേഷൻസ്

83-87.നബഅ് അധ്യായത്തിലെ 10 ദൃഷ്ടാന്തങ്ങൾക്ക് ഖുർആൻ പറഞ്ഞ ക്രമം ഏത്?
(½ മാർക്ക് വീതം)

| A | B | C | D |
|---|---|---|---|
| ഭൂമി | ഭൂമി | ഭൂമി | ഭൂമി |
| ഏഴാകാശം | സൂര്യൻ | പർവ്വതം | ഏഴാകാശം |
| പർവ്വതം | ആകാശം | ഇണകൾ | ഇണകൾ |
| മഴ | രാത്രി | ഉറക്കം | രാത്രി |
| സൂര്യൻ | പകൽ | രാത്രി | ഉറക്കം |
| രാത്രി | മഴ | പകൽ | പകൽ |
| ഇണ | ഉറക്കം | ഏഴാകാശം | സൂര്യൻ |
| ഉറക്കം | ഇണകൾ | സൂര്യൻ | മഴ |
| പകൽ | പർവ്വതം | മഴ | പർവ്വതം |
| കായ്കനികൾ | കായ്കനികൾ | കായ്കനികൾ | കായ്കനികൾ |

❖ കാലിയായ ☐ നകത്ത് അതാത് കാര്യങ്ങളുടെ ബന്ധപ്പെട്ട നമ്പറുകൾ മാത്രം ചേർക്കുക.

88-89.നബി(സ) പറഞ്ഞു: "അഞ്ച് കാര്യങ്ങൾക്ക് പകരം അഞ്ച് കാര്യം", (2 മാർക്ക്)

1 മരണം 2 ക്ഷാമം 3 മഴതടസ്സം 4 ശത്രുവിന്നധികാരം 5 ദാരിദ്ര്യം

| | |
|---|---|
| ❖ വാഗ്ദത്തലംഘനം | |
| ❖ അന്യായമായ വിധി | |
| ❖ പരസ്യമായ നീചവൃത്തി | |
| ❖ അളവിലും തൂക്കത്തിലും കൃത്രിമം | |
| ❖ സകാത്ത് നിഷേധം | |

90-91. തന്നിട്ടുള്ള കോളങ്ങളിൽ കാഫിറൂൻ അധ്യായത്തിൽ പറഞ്ഞിട്ടുള്ള ക്രമത്തിൽ നമ്പറുകളിടുക. (2 മാർക്ക്)

| | |
|---|---|
| | നിങ്ങൾ ആരാധിച്ചുവന്നതിനെ ഞാനും ആരാധിക്കുന്നവനല്ല. |
| | ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. |
| | നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. |
| | നിങ്ങൾക്ക് നിങ്ങളുടെ മതം! എനിക്ക് എന്റെ മതവും! |
| | ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. |
| | (നബിയേ) പറയുക: 'ഹേ, അവിശ്വാസികളേ!...' |

❖ കാലിയായ ☐ നകത്ത് അതാത് അധ്യായങ്ങളുടെ തന്നിട്ടുള്ള നമ്പറുകൾ മാത്രം ചേർക്കുക. ½ മാർക്ക് വീതം

92-100. വമ്പിച്ച ശിക്ഷകൾ മുന്നറിയിപ്പ് നൽകപ്പെട്ടവരായ താഴെ പറയുന്ന വിഭാഗങ്ങൾ ഏതെല്ലാം അധ്യായങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു?

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | അലഖ് | 2 | തകാസുർ | 3 | മാഊൻ | 4 | മുതഫിഫീൻ |
| 5 | നബഅ് | 6 | ആദിയാത് | 7 | ശംസ് | 8 | അഅ്ലാ |
| 9 | നാസ് | 0 | ഹുമസ | 11 | ഫജ്ർ | 12 | ത്വീൻ |
| 10 | ഫലഖ് | | | | | | |

| | |
|---|---|
| അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നവർ | |
| മറ്റുള്ളവരെ കുത്തുവാക്ക് പറഞ്ഞ് ഇടിച്ചുതാഴ്ത്തുന്നവർ | |
| പരോപകാര വസ്തുക്കൾ നൽകാതിരിക്കുന്നവർ | |
| പരസ്പരം പെരുമ നടിച്ച് അഹരിക്കുന്നവർ | |
| അന്യരെ കാണിക്കാൻ നമസ്കരിക്കുന്നവർ | |
| വിചാരണ ദിവസത്തെ പ്രതീക്ഷിക്കാത്തവർ | |
| ദൈവിക ദൃഷ്ടാന്തങ്ങൾ കളവാക്കിയവർ | |
| പാപം കൊണ്ട് മനസ്സ് കറപിടിച്ചവർ | |
| സമ്പത്ത് ശാശ്വതവും സ്വന്തവുമെന്ന് കരുതി സംഭരിക്കുന്നവർ | |
| അനാഥകളെ ആട്ടിവിടുന്നവർ | |
| രക്ഷിതാവിനോട് നന്ദികെട്ട മനുഷ്യർ | |
| ജനങ്ങളുടെ മനസ്സിൽ ദുർബോധനം ചെയ്യുന്നവർ | |
| നമസ്കരിക്കുമ്പോൾ തടഞ്ഞവൻ | |
| മന്ത്രവാദവും മാരണവും നടത്തുന്നവർ | |
| സാധുക്കൾക്ക് ആഹാരം നൽകാൻ പ്രേരിപ്പിക്കാത്തവർ | |
| സമ്പത്തിനെ അത്യധികം സ്നേഹിക്കുന്നവൻ | |
| സത്യവിശ്വാസികളെ കളിയാക്കി ചിരിച്ചവൻ | |
| മതത്തെ കളവാക്കുന്നവൻ | |

الحمد لله رب العالمين